5. നടപ്പാതയുടെ വികസനം—
14,22,209 രൂപ.

6. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെൻറർ—
44,14,000 രൂപ.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

101 [2090] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുകളുള്ള തസ്തികകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ടെന്ന് പേർ സഹിതം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേവസ്വം ബോർഡ് അറിയിച്ചതനുസരിച്ച് താഴെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്:

1.	എൽ. ഡി. ക്ലാർക്ക്	..	59
2.	എൽ. ഡി. ടൈപ്പിസ്റ്റ്	..	6
3.	കഴകം	...	32
4.	തളി	..	71
5.	വാച്ചർ	..	55
6.	സ്ട്രോംഗ് റൂം ഗാർഡ്	..	6
7.	ഡ്രൈവർ	..	6
8.	ആനക്കാരൻ	..	9

(ബി ആൻറ് സി) ഒഴിവുകൾ നോട്ടിഫൈ ചെയ്ത് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം നിയമനം നടത്തുന്നതാണെന്നുമാണ് ദേവസ്വം ബോർഡിൽനിന്നും ലഭിച്ച വിവരം.

മംഗളാദേവി ക്ഷേത്രം പുനരുദ്ധരിക്കാൻ നടപടി

102 [2091] ശ്രീ. കെ. മോഹൻകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളാദേവി ക്ഷേത്രം കേരളത്തിലാണോ തമിഴ്നാട്ടിലാണോ സ്ഥിതിചെയ്യുന്നത്;

LIBRARY ARCHIVES Kerala Legislative Assembly